## വി. ചാവറ പിതാവിനോടുള്ള

## നൊവേന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു.

ദിവ്യകാരുണ്യത്തിന്റെ ഉപാസകനായി തിരുഹിതം വിവേചിച്ച് അറിഞ്ഞ്, കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾക്ക് ആവശ്യമായവ ചെയ്തുകൊടുത്തു കൊണ്ട്, പുണ്യത്തിന്റെ പരിമളം പരത്തിയ വി. ചാവറപിതാവിനെ ഞങ്ങൾക്ക് മാതൃകയായി നൽകിയതിനെ ഓർത്ത് നന്ദിപറയുന്നു. കർത്താവാണ്, തന്റെ ഓഹരിയും പാനപാത്രവും എന്ന സങ്കീർത്തകവചനത്തെ ഹൃദയത്തോട് ചേർത്ത് വെച്ച് ജീവിച്ച്, മാമ്മോദീസായിൽ ലഭിച്ച ദൈവ വരപ്രസാദം മരണം വരെ കാത്തുസൂക്ഷിച്ചു എന്ന് പറയാൻ മാത്രം ജീവിത വിശുദ്ധി പാലിച്ച, പുണ്യപിതാവിനെപ്പോലെ, ലോക സുഖങ്ങൾക്ക് അടിമപ്പെടാതെ, ഹൃദയാന്തരാളത്തിൽ നിത്യവും വസിക്കുന്ന ദിവ്യനാഥനോട് സദാസമയവും സല്ലപിക്കുവാനും, ദൈവഹിതത്തിന് കീഴ്‌വഴങ്ങുവാനും, ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിച്ച്, ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുവാനും, പുണ്യവതികളാകാൻ കടന്നുവന്നവരാണ് തന്റെ ഓരോ സഹോദരങ്ങളുമെന്നുള്ള ബോധ്യത്തിൽ ജീവിക്കാൻ, ആത്മശരീര വിശുദ്ധിയോടെ ദൈവപിതാവിന്റെ പക്കലേക്ക്, കടന്നു ചെല്ലുവാൻ ഞങ്ങളെ ഓരോരുത്തരേയും ആത്മാവിന്റെ ദിവ്യമായ അഭിഷേകത്താൽ നിറയപ്പെടുവാൻ ഞങ്ങൾക്കായി തമ്പുരാന്റെ പക്കൽ നിത്യവും മാദ്ധ്യസ്ഥം വഹിക്കണമേ. ആമേൻ